സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനം

178 (180) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര -നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂളുകളിൽ ഉച്ചക്കഞ്ഞിക്കുള്ള അരി, ചെറുപയർ എന്നിവ വിതരണം ചെയ്ത വകയിൽ സിവിൽ സ്പ്ലൈസ് കോർപ്പറേഷന് എത്ര കോടി രൂപ കിട്ടാനുണ്ട് ;

(ബി) ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ റീട്ടെയിൽ വിൽപ്പനശാലകൾ സിവിൽ സപ്ലൈസ് കോർപ്പറേഷനു കീഴിൽ ആരംഭിക്കുവാൻ ഉദ്ദേശമുണ്ടോ ;

(സി) ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവർക്ക് ലെവി പഞ്ചസാര കൊടുക്കേണ്ടതില്ല എന്ന് കേന്ദ്ര സർക്കാർ തീരുമാനം കോർപ്പറേഷനെ എങ്ങനെ ബാധിക്കുമെന്ന് വ്യക്തമാക്കുമോ ; ഇതുമൂലം സപ്ലൈകോയുടെ പ്രതിവർഷ വിറ്റുവരവിൽ ഉണ്ടാകുന്ന കുറവ് നികത്താൻ എന്തു നടപടി സ്വീകരിച്ചു ;

(ഡി) ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവർക്ക് അരി, ഗോതമ്പ് എന്നിവ നൽകേണ്ടതില്ല എന്ന് കേന്ദ്രസർക്കാർ തീരുമാനിച്ചാൽ സംസ്ഥാനത്തെ ജനങ്ങൾക്കും കോർപ്പറേഷനും ഉണ്ടാകുന്ന ബുദ്ധിമുട്ടുകളെ എങ്ങനെ തരണം ചെയ്യാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 31-12-2000 വരെയുള്ള കണക്കനുസരിച്ച് 67 കോടി രൂപ വിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിക്കുവാനുണ്ട്.

(ബി) ഇതു സംബന്ധിച്ച് തീരുമാനമൊന്നും എടുത്തിട്ടില്ല.

(സി) ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവർക്ക് ലെവി പഞ്ചസാര കൊടുക്കേണ്ടതില്ല എന്ന കേന്ദ്രസർക്കാർ തീരുമാനം ഉണ്ടായ സാഹചര്യത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ലെവി പഞ്ചസാരയുടെ പ്രതിവർഷം വിറ്റുവരവ് 186 കോടി രൂപയിൽ നിന്നും ഉദ്ദേശം 79 കോടി രൂപയായി കുറയുന്നതാണ്. ഇങ്ങനെ വിറ്റുവരവിലുണ്ടാകുന്ന കുറവ് നികത്താനുള്ള നടപടികളെക്കുറിച്ച് തീരുമാനങ്ങൾ എടുത്തിട്ടില്ല. ഈ കാര്യത്തിൽ ഒരു പഠനം നടത്തിവരികയാണ്.

(ഡി) ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവർക്ക് അരി, ഗോതമ്പ് എന്നിവ നൽകേണ്ടതില്ല എന്ന് കേന്ദ്രസർക്കാർ തീരുമാനിച്ചതായി ഔദ്യോഗികമായി അറിയിച്ചിട്ടില്ലാത്തതിനാൽ ചോദ്യം ഉദിക്കുന്നില്ല.

ചെറുകിട ഉൽപ്പാദകരുടെ സോപ്പുൽപ്പന്നങ്ങളുടെ വിൽപ്പനയിൽ ഏർപ്പെടുത്തിയ നിയന്ത്രണം

179 (181) ശ്രീ. ബേബി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly